(ബി) പ്രസ്തുത ഓഡിറ്റ് റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ആയത് സഭയുടെ മേശപ്പുറത്തുവയ്ക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(ഇ) വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് അന്വേഷണം നടന്നുവരുന്നു.

(ബി) ഇല്ല.

(സി-ഇ) ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയിട്ടുള്ള ക്രമക്കേട് സംബന്ധിച്ച് വിശദമായി അന്വേഷിച്ച് ക്രമക്കേടുകളുടെ ഉത്തരവാദിത്വം ആർക്കൊക്കെയാണെന്ന് കണ്ടുപിടിച്ച് അറിയിക്കുവാൻ നഗരകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു. കൂടാതെ ഓഡിറ്റ് റിപ്പോർട്ടിലെ ക്രമക്കേടുകൾ പരിഹരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുവാൻ നഗരസഭാ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

തിരുവമ്പാടി പഞ്ചായത്തുവക ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ അനുവദിക്കുന്നതിലെ ക്രമക്കേടുകൾ

124 (4559) ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി പഞ്ചായത്തുവക ഷോപ്പിംഗ് കോപ്ലക്സിലെ ഏതൊക്കെ മുറികളാണ് പട്ടികജാതി വിഭാഗക്കാർക്കുവേണ്ടി നീക്കിവച്ചിട്ടുള്ളത് ;

(ബി) നിലവിൽ ഈ മുറികൾ ഇപ്പോൾ ആർക്കാണ് വാടകയ്ക്ക് കൊടുത്തിട്ടുള്ളതെന്നും, ഏത് സമുദായത്തിൽപ്പെട്ട ആളാണെന്നും പറയാമോ ;

(സി) മുറികൾ അനുവദിക്കുന്നതിൽ വൻ അഴിമതി നടന്നുവെന്ന ആരോപണത്തെക്കുറിച്ച് അന്വേഷിക്കുകയുണ്ടായോ ;

(ഡി) പ്രാഥമിക അന്വേഷണത്തിൽ അഴിമതി നടന്നതായി തെളിഞ്ഞിട്ടുണ്ടെങ്കിൽ വിജിലൻസ് വിഭാഗത്തെക്കൊണ്ട് സമഗ്ര അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) റൂം നമ്പർ 6.

(ബി) നിലവിൽ ഈ മുറി ശ്രീ. ഇ. പി. രാമനാണ് വാടകയ്ക്ക് കൊടുത്തിരിക്കുന്നത്. അദ്ദേഹം പട്ടികജാതി വിഭാഗത്തിൽപ്പെട്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അന്വേഷിച്ചിരുന്നു.

(ഡി) ഡെപ്യൂട്ടി ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

തിരുവമ്പാടി ഗ്രാമപഞ്ചായത്തിലെ ബസ്റ്റാന്റ്-കം-ഷോപ്പിംഗ് കോംപ്ലക്സിന്റെ അറ്റകുറ്റപ്പണിയിലും ലേലത്തിലും നടന്ന അഴിമതി

125 (4560) ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ തിരുവമ്പാടി ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള ബസ്റ്റാന്റ്-കം-ഷോപ്പിംഗ് കോംപ്ലക്സിന്റെ മുകളിലത്തെ നില എന്നാണ് വാടകയ്ക്ക് ലേലം ചെയ്ത് നൽകിയത് ;

(ബി) വാടകത്തുക എത്രയാണെന്ന് വിശദമാക്കാമോ ;

(സി) വാടകയ്ക്ക് ലേലം ചെയ്തുകൊടുത്തശേഷം പ്രസ്തുത കെട്ടിടത്തിന് എത്ര ലക്ഷം രൂപയുടെ അറ്റകുറ്റപ്പണി നടത്തി എന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത അറ്റകുറ്റപ്പണി നടത്തിയതിലും ലേലം ചെയ്തതിലും അഴിമതി നടന്നിട്ടുണ്ടെന്നുള്ള ആരോപണത്തെക്കുറിച്ച് അന്വേഷിക്കുകയുണ്ടായോ ; വിശദീകരിക്കുമോ ;

(ഇ) കുറ്റക്കാർക്കെതിരെ അടിയന്തിരമായി ശിക്ഷാനടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 1-5-2002 മുതൽ.

(ബി) 2002-2003-ൽ മാസവാടക 2,830 രൂപയും 2003-2004-ൽ 3,396 രൂപയുമാണ്.

(സി) 2,61,499 രൂപയുടെ അറ്റകുറ്റപ്പണികൾ.

(ഡി) കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അന്വേഷണം നടത്തിയിരുന്നു.

(ഇ) അന്വേഷണ റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരികയാണ്.

തിരുവമ്പാടി പി.എച്ച്.സി.-ക്ക് വേണ്ടി സ്ഥലംവാങ്ങുന്നതിൽ അഴിമതി

126 (4561) ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി ഗ്രാമപഞ്ചായത്തിലെ പ്രൈമറി ഹെൽത്ത് സെന്ററിന് (പി.എച്ച്.സി.) വേണ്ടി സറണ്ടർ ചെയ്ത ഭൂമി പഞ്ചായത്ത് ഏറ്റെടുക്കുകയുണ്ടായോ ;

LIBRARY ARCHIVES Kerala Legislative Assembly